### പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും

### പ്രശാന്തി സന്ദേശം- ഉപാഖ്യാനം 261

# സത്യവും തത്വചിന്തയും

## TRUTH VS PHILOSOPHY

**ഒക്ടോബർ 3, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### അറിവും അവബോധവും
### KNOWLEDGE AND KNOWING



അറിവ് അവബോധ(knowing)ത്തിൽനിന്ന് വ്യത്യസ്തമാണ്. അറിവെന്നത്, എല്ലാറ്റിനു മുപരിയായി, ഓർമ്മ മാത്രമാണ്. അറിവെന്നത്, ഒരു കംപ്യൂട്ടർപോലെയാവുക എന്ന താണ്. അറിവെന്നത്, വിവരങ്ങൾക്കുള്ള ഒരു സ്റ്റോർഹൗസ് അഥവാ അലമാര അ ല്ലാതെ മറ്റൊന്നുമല്ല. എന്നാൽ ജ്ഞാനം(knowing) എന്നത് നിരന്തരമായ, നിത്യമായ ഒരു പ്രക്രിയയാകുന്നു. അതു കൊണ്ട്, സത്യം എന്നത് നിത്യതയിലേ ക്കുള്ള അവബോധ(knowing-to-eternity)മാ കുന്നു, എല്ലാ സാരള്യത്തിലും, എല്ലാ വിന യഭാവത്തിലും, എല്ലാ സമർപ്പണത്തിലും, ഒരു ശരണാഗത ഭാവത്തിൽ. നേരേ മറിച്ച്, തത്വചിന്ത(Philosophy)യെന്നത് ഒരു പറ്റം ആശയങ്ങളെക്കുറിച്ചുള്ള അറിവാകുന്നു.

തത്വചിന്തകർ(Philosophers) എളുപ്പം ഇളകുകയോ വഴങ്ങുകയോ ചെയ്യാത്തതിനു കാരണമിതാണ്. തത്വചിന്തകർ ഒരിക്കലും സൗമ്യരോ അനുതാപമുള്ളവരോ ആവില്ല. അവർ കടുപ്പമുള്ളവരും ശാഠ്യക്കാരുമാണ്. എന്തുകൊണ്ട്? അവർ അവരുടെ തത്വചി ന്തയുമായി അനുരൂപ(identified)രാണ് അഥവാ വിഭാഗീയരാണ്. അത്രേയുള്ളൂ. “എനി ക്കറിയാം” എന്നതാണ് അവരുടെ മനോഭാവം! “നമ്മുടെ സംഭാഷണം തീർന്നു. അതുകൊണ്ട് ഇനി എന്നെ നിങ്ങളുടെ അടുത്തുനിന്നു പോകാനനുവദിക്കൂ!”

അപ്പോൾ, നിങ്ങൾ അറിയാനാഗ്രഹിക്കുന്നു എങ്കിൽ അല്ലെങ്കിൽ, നിങ്ങൾക്ക് അറിയാൻ കൗതുകമുണ്ടെങ്കിൽ(നിങ്ങൾക്ക് അറിയില്ലെന്നാണ് അതു സൂചിപ്പിക്കുന്നത്), അതാണ് അവബോധം അഥവാ ജ്ഞാനം(awareness or knowing). നിങ്ങൾക്ക് അറിവ്(knowledge) ഉണ്ടെങ്കിൽ, അപ്പോൾ മാത്രമാണ് നിങ്ങൾ പറയുക, "അതെ, എനിക്ക് നേരത്തേ തന്നെ അറിയാം." അതുകൊണ്ട്, 'എനിക്കറിയാം.' എന്നു പറയുന്നത് അറിവാകുന്നു, അത് യഥാർത്ഥത്തിൽ ഓർമ്മ മാത്ര(only memory)മാണ്.



സോക്രട്ടീസ്(470-399 ബി.സി)

"എനിക്ക് അവബോധമുണ്ട്" എന്നത് നൂതനമാകുന്നു. അത് നവമാണ്. "എനിക്ക് അവബോധമുണ്ട്" എന്നത് ഒരു പ്രഭാതപുഷ്പം കണക്കെ എന്നും പുതുമയുള്ളതാണ്. പുലരിയിൽ കൃത്യസമയത്ത് വിരിയുന്ന പൂവ്, അതാണ് അവബോധത്തിന്റെ പ്രക്രിയ(process of awareness). ഈ അവബോധപ്രക്രിയയിൽ, ആകാംക്ഷയുണ്ട്, ജിജ്ഞാംസയുണ്ട്, തുറന്ന മന:സ്ഥിതിയുണ്ട്. എന്നാൽ, ഒരു പണ്ഡിതൻ അല്ലെങ്കിൽ ഒരു തത്വചിന്തകൻ ഒരിക്കലും തുറന്ന മനസ്സുള്ളയാളാവില്ല. അയാൾ നിങ്ങളെ തന്റെ ചിന്താപദ്ധതി (school of thought)യിലേക്ക് ചേർക്കുന്നതിന് തനിക്ക് ആവുന്നതെല്ലാം ചെയ്യും. അയാൾ നിങ്ങളെ ബ്രെയിൻ വാഷ് ചെയ്യാൻ ശ്രമിക്കും. അതുകൊണ്ട്, തത്വചിന്തകരെ അഥവാ പണ്ഡിതന്മാരെ സൂക്ഷിച്ചോളുക, എന്തെന്നാൽ അവർ നിങ്ങളെ അവരുടെ ചിന്താപദ്ധതിയിലേക്ക് തള്ളിയിടും.



അവബോധത്തിൽ, നിങ്ങൾ എല്ലാ ലാളിത്യത്തോടെയും അറിയാനാണ് ഇഷ്ടപ്പെടുക. ഇത്തരത്തിലുള്ള അവബോധത്തിൽ, നിശ്ചിതമായ അഥവാ പ്രതിഷ്ഠിതമായ ആശയങ്ങൾ എന്നൊന്നില്ല. പ്രോഗ്രാം ചെയ്യപ്പെട്ട ജീവിതം അഥവാ കണ്ടീഷൻ

ചെയ്യപ്പെട്ട മനസ്സ് എന്നൊന്നില്ല. സത്യം ഉപാധിരഹിത(unconditional)മാണ്. അത് പ്രോഗ്രാം ചെയ്യപ്പെട്ടതല്ല. സത്യമെന്നത് അറിയുന്ന അഥവാ അവബോധത്തിലാവുന്ന പ്രക്രിയയാണ്, അതേസമയം തത്വചിന്തയെന്നത് നിശ്ചിതമായ അറിവാണ്.

ഭഗവാനെ നിരീക്ഷിക്കുക: അവിടുന്ന് ഓരോന്നും അറിയുന്നു, എന്നിട്ടും അവിടുന്നത് നിങ്ങളിൽനിന്ന് അറിയുന്നതിന് ആഗ്രഹിക്കുന്നു. ഭഗവാൻ അറിവിന്റെ സ്രോതസ്സാകുന്നു, എന്നിരുന്നാലും ഈ അവബോധ പ്രക്രിയയിൽ അവിടുന്ന് അഭിനയിക്കുന്നു. അവിടുന്ന് വെറുതെ അന്വേഷിക്കുന്നു, "നിനക്ക് എങ്ങനെയുണ്ട്?" എനിക്ക് സുഖമാണെന്ന് അവിടുന്നിന് അറിയാത്തതുകൊണ്ടാണോ? എനിക്ക് സുഖമില്ലെങ്കിൽ എനിക്കെങ്ങനെ ഇവിടെ വരാൻ കഴിയും? ബാബ ചോദിക്കും, "നിന്റെ ബിസിനസ് എങ്ങനെയുണ്ട്?" എന്നിട്ട് അവിടുന്ന് ഒരു ഡോക്ടറെ വിളിച്ചിട്ട് തിരക്കും, "അവന്റെ ആരോഗ്യത്തെക്കുറിച്ച് നീ എന്തു കരുതുന്നു?" അവസാനം അവിടുന്ന് ഡോക്ടറോട് പറയും, "നിനക്കു തെറ്റി! നീ ഇത് പിന്തുടരണം!" എന്നിട്ട് അവിടുന്ന് അവിടുത്തെ സ്വന്തം നിർദ്ദേശങ്ങൾ നൽകും.

അതുകൊണ്ട്, അവബോധത്തിൽ അഥവാ അറിയുന്ന പ്രക്രിയയിൽ, നമുക്ക് ലാളിത്യം, വിനയം, അടുപ്പം, ധാരണ, ഒത്തുതീർപ്പിന്റെ സാധ്യതകൾ ഇവ അനുഭവപ്പെടുന്നു. എന്റെ സുഹൃത്തുക്കളേ, ഈ പുതുവർഷം നമുക്ക് ഈ അറിയുന്നതിന്റെ പാതയിൽ ചരിക്കണം, അവബോധത്തിൽ അഥവാ അറിയുന്നതിൽ(awareness or knowing-ness) വസിക്കണം. പക്ഷേ നാം ഒരിക്കലും അറിവിന്റെ തല (state of knowledge)ത്തിലേക്ക് ഒതുങ്ങരുത്. അവബോധം നമ്മെ സത്യത്തിലേക്ക് കൊണ്ടുപോവണം, ഒരിക്കലും തത്വചിന്തയിലേക്കാവരുത്.




തത്വചിന്തയെന്നത് കേവലം തീസിസും ആന്റി-തീസിസും തമ്മിലുള്ള ഒരു ഗെയിം ആണ്. ചിലർ പറയുന്നു, "ഈശ്വരൻ ഉണ്ട്." മറ്റു ചിലർ പറയുന്നു, "ഈശ്വരൻ ഇല്ല." ചിലർ വിളംബരം ചെയ്യുന്നു, "ദ്വൈതം." ചിലർ പ്രഖ്യാപിക്കുന്നു, "അദ്വൈതം." ഇനിയും ചിലർ "വിശിഷ്ടാദ്വൈത" ത്തോട് ഒട്ടിനിൽക്കുന്നു.

അപ്പോൾ, ഇത് തീസിസും ആന്റി-തീസിസും അല്ലാതെ മറ്റൊന്നുമല്ല, ക്രിസ്ത്യൻ ലോകത്ത് കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകളും പോലെ. ജൈനമതത്തിൽ, നമുക്ക് ദിഗംബരന്മാരും ശ്വേതാംബരന്മാരും ഉണ്ട്. ഓരോ മതത്തിലും നമുക്ക് ഇത്തരത്തിലുള്ള വിഭജനങ്ങളുണ്ട് എന്തെന്നാൽ, നാം മതത്തെ ഒരു തത്വചിന്തയാക്കിത്തീർത്തിരിക്കുന്നു.

ഭഗവാൻ മതത്തെ സത്യ(Truth)മാക്കി മാറ്റിയിരിക്കുന്നു, സത്യമല്ലാതെ മറ്റൊന്നുമല്ല. സത്യം ഏകമാണ്. *ഏകം സത് വിപ്രാ: ബഹുധാ വദന്തി* (സത്യം ഒന്നേയുള്ളൂ, ജ്ഞാനികൾ അതിനെ വിവിധ രീതിയിൽ വിശദീകരിക്കുന്നു). അത്രമാത്രം. പക്ഷേ തത്വചിന്ത ഏകത്തെ പലതാക്കും. എല്ലാ തത്വചിന്താ പദ്ധതികളും, മതത്തിന്റെ എല്ലാ ശാഖകളും, തത്വചിന്താപരമാണ്. എന്നാൽ സത്യം ഏകമാണ്. അകക്കാമ്പിൽ, ഓരോ കേന്ദ്രത്തിലും, സത്യം ഏകമാണ്.

അതിനാൽ, തീസിസും ആന്റി-തീസിസും തത്വചിന്തയാകുന്നു, അതേസമയം സത്യം എന്നതൊരു സംശ്ലേഷണ(Synthesis)മാകുന്നു. തത്വചിന്തയെന്നത് തർക്കവും വിതർക്കവുമാണ് അഥവാ എതിർപ്പ് അഥവാ കൽപനയാണ്. എന്നാൽ സത്യമെന്നത് സംശ്ലേഷണമാകുന്നു.




സത്യം ഏകമാണ്. "എല്ലാവരും ഒന്നാണ്, എന്റെ പ്രിയപുത്രാ. ഏവരോടും തുല്യരായിരിക്കുവിൻ." അതാണ് സത്യം. "എല്ലാവരും പലരാണ്, എന്റെ ഗ്രൂപ്പുണ്ട്, നിന്റെ ഗ്രൂപ്പുണ്ട്, നിന്റെ രാജ്യം, എന്റെ രാജ്യം. നമ്മൾ പത്തു പേരും ഇവിടെയിരിക്കണം, നിങ്ങൾ പത്തു പേരും അവിടെയിരിക്കുക. നിങ്ങൾക്ക് ഇങ്ങോട്ടു വരാനാവില്ല, എനിക്ക് അങ്ങോട്ടും വരാനാവില്ല." ഇല്ല, ഇല്ല, ഇല്ല! അത് തത്വചിന്തയാണ്, സത്യമല്ല. അതുകൊണ്ട്, എല്ലാവർക്കുമിടയിൽ ഒരു ഏകതാഭാവം, അതാകുന്നു സത്യം. അതാണ് നാം അനുഭവിക്കേണ്ടത്.

## തെരഞ്ഞെടുക്കലും തെരഞ്ഞെടുപ്പില്ലായ്കയും
## CHOICE AND CHOICELESSNESS

തത്വചിന്തയെന്നത് തെരഞ്ഞെടുക്കലിന്റെ(choice) കാര്യമാണ്. ''ഹിന്ദുത്വം ഇതാണ്'' എന്ന് ഞാൻ പറയുകയാണെന്നിരിക്കട്ടെ. നിങ്ങൾക്ക് മറുപടി പറയാം, ''എന്നോടു ക്ഷമിക്കൂ. നിങ്ങൾക്ക് ഹിന്ദുത്വം മനസ്സിലായിട്ടില്ല.'' തത്വചിന്തയെന്നത് ഒരു തെരഞ്ഞെടുപ്പാണ്, അത് നിങ്ങൾക്ക് സ്വീകരിക്കുകയോ തള്ളിക്കളയുകയോ ആവാം, യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം, അഥവാ അനുസരിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യാം. അതുകൊണ്ട്, തത്വചിന്തയെന്നത് ഒരു തെരഞ്ഞെടുപ്പാണ്, എന്നാൽ സത്യം തെരഞ്ഞെടുപ്പില്ലാത്തതാണ്(choiceless). സത്യം നിങ്ങൾക്ക് ഒരു തെരഞ്ഞെടുപ്പ് തരില്ല, എന്നാൽ തത്വചിന്ത 'അതെ' അഥവാ 'അല്ല' എന്ന തെരഞ്ഞെടുപ്പ് അനുവദിക്കുന്നു. സത്യം തെരഞ്ഞെടുപ്പില്ലാത്തതാണ്. നമുക്ക് സത്യത്തിന്റെ തെരഞ്ഞെടുപ്പില്ലാത്ത ഈ ദിശയിൽ പോകാം, എന്തെന്നാൽ തെരഞ്ഞെടുപ്പില്ലായ്കയിൽ നിങ്ങൾ അപ്രത്യക്ഷമാകുന്നു, അതേസമയം തെരഞ്ഞെടുപ്പിൽ നിങ്ങൾ പ്രത്യക്ഷമാകുന്നു.




ഒരു ലളിതമായ ഉദാഹരണം: ഇവിടെ ഒരു ടവലുണ്ട്, ഒരു വാച്ചും. ഞാൻ വാച്ച് തെരഞ്ഞെടുക്കുന്നു എന്നിരിക്കട്ടെ. അപ്പോൾ, തെരഞ്ഞെടുപ്പ് എവിടെയുണ്ടോ, 'ഞാൻ' നിലനിൽക്കുന്നു. ഞാൻ അതിനെതിരെ ഇതിനെ തെരഞ്ഞെടുക്കുന്നു. ഒരു തെരഞ്ഞെടുപ്പിൽ 'ഞാൻ' നിലനിൽക്കുന്നു. പക്ഷേ നിങ്ങൾക്ക് തെരഞ്ഞെടുപ്പില്ലെങ്കിൽ, അവിടെ



'മമകാരം'(I-ness) ഇല്ല. നിങ്ങൾക്ക് അസ്തിത്വമില്ല, അതുകൊണ്ട് തെരഞ്ഞെടുക്കാനാവില്ല(there is no choice).

മറ്റൊരു ചെറിയ ഉദാഹരണം: സ്വാമി നിങ്ങളെ എല്ലാവരെയും ഒരു ഇന്റർവ്യൂവിനായി അകത്തേക്കു വിളിക്കുന്നു. ''ആഹാ! ഭാഗ്യം ചെയ്തവർ അകത്തേക്കു പോയി!'' ഇന്റർവ്യൂമുറിക്കകത്തേക്ക് പോയവരുടെ മുഖങ്ങൾ ദയവായി ശ്രദ്ധിക്കുക. അവർ നടക്കുകയല്ല. അവർ ഒഴുകിനടക്കുകയാണ്! അവർ അവരുടെ കാലുകൾകൊണ്ട് നടക്കുകയല്ല. അവർ ചിറകുകളുപയോഗിച്ച് പറക്കുകയാണ്! അവർ സ്വർഗത്തിലേക്ക് പോവുന്നതുകൊണ്ട്, ശരിക്കുള്ള സ്വർഗം ഭഗവാന്റെ നേരേ മുമ്പിൽ ഇരിക്കുന്നതായതുകൊണ്ട്, അവർ ഭൂമിയിലെപ്പോലെ നടക്കുകയല്ല. അതെ!



നിങ്ങൾ ഒരുവട്ടം ഇന്റർവ്യൂമുറിക്കുള്ളിൽ പ്രവേശിച്ചാൽ, നിങ്ങൾക്ക് നിങ്ങളുടെ വായ തുറക്കാനാവില്ല! അസാദ്ധ്യമാണത്! നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു -ദർശനവരിയിൽ, കാന്റീനിൽ, തെരുവിൽപ്പോലും-നിങ്ങൾ സംസാരിക്കുകയും എല്ലാവരെയും ശല്യപ്പെടുത്തുകയുമായിരുന്നു! നിങ്ങളുടെ നാവിന് വിശ്രമമില്ലായിരുന്നു. അയൽവക്കക്കാരുടെ കർണപുടമൊക്കെ ഏതാണ്ട് പൊട്ടി, എന്തെന്നാൽ പൊടിപ്പും

തൊങ്ങലും വച്ച് കാര്യം പറയുന്നതെങ്ങനെയെന്ന് നിങ്ങൾക്കേ അറിയൂ. ജീവിതം പൊങ്ങച്ചപ്രകടനമായി മാറിയിരിക്കുന്നു. നാം സംസാരിച്ചുകൊണ്ടേയിരിക്കുന്നു!

ശരി, ഇനി ഭഗവാന്റെ മുമ്പാകെ സംസാരിക്കാൻ ശ്രമിക്കൂ! ഹരി ഓം തത് സത്. നിങ്ങൾ ചെയ്യില്ല. നിങ്ങൾക്ക് പറ്റില്ല! നാവിന്മേൽ എന്തോ ഒരു സമ്മർദ്ദം അനുഭവപ്പെടും, വായിട്ടലക്കാനായി പുറത്തു ചാടുന്നതിനു പകരം അത് അകത്തേക്ക് പോവുന്നു. എന്തുകൊണ്ട്? തെരഞ്ഞെടുപ്പില്ലായ്ക(choicelessness) കാരണമാണിത്. നിങ്ങൾക്ക് സംസാരിക്കാനാവില്ല, അതുകൊണ്ട് നിങ്ങൾ നിശ്ശബ്ദനാവുന്നു. അത്രമാത്രം. ഇനി, ജനറൽ ഇന്റർവ്യൂവിനു ശേഷം, സ്വകാര്യ സന്ദർശനം നൽകുന്നതിനായി



ഇന്റർവ്യൂ മുറിയിൽ ഭഗവാൻ

ഉള്ളിലൊരു മുറിയുണ്ട്. കുടുംബത്തോടാണ് അവിടുന്ന് അവിടെവച്ച് സംസാരിക്കുക. അവിടെ, അവിടുന്ന് നിങ്ങളെ സംസാരിക്കാൻ അനുവദിക്കും. "വരൂ, എന്നോടു പറയൂ!" അവിടുന്ന് തീരുമാനിക്കുമ്പോൾ മാത്രമേ അവിടുന്ന് നിങ്ങളെ സംസാരിക്കാൻ അനുവദിക്കൂ. നിങ്ങൾ തീരുമാനിക്കുമ്പോൾ, നിങ്ങൾക്ക് സംസാരിക്കാനാവില്ല! എന്നാൽ അവിടുന്ന് തീരുമാനിക്കുമ്പോൾ, അപ്പോൾ മാത്രം, നിങ്ങൾക്ക് നിങ്ങളുടെ വായ തുറക്കാനാവും.

ഇന്റർവ്യൂവിനു ശേഷം നിങ്ങൾ പോരുമ്പോൾ, നിങ്ങൾ തീരുമാനിക്കുമ്പോൾ നിങ്ങൾക്ക് വായ തുറക്കാനാവും, സംസാരിക്കാനാവും. പക്ഷേ ഇന്റർവ്യൂവേളയിൽ

നിങ്ങൾക്കതിനു കഴിയില്ല. എന്തുകൊണ്ട്? അവിടെ നിങ്ങൾക്ക് തെരഞ്ഞെടുപ്പില്ല. അപ്പോൾ, ഭഗവാനു മുമ്പാകെ നിങ്ങൾക്ക് തെരഞ്ഞെടുപ്പില്ല. ഇതാണ് സത്യം. സത്യം തെരഞ്ഞെടുപ്പില്ലാത്തതാകുന്നു, അതേസമയം തത്വചിന്ത(philosophy) നിറയെ തെരഞ്ഞെടുപ്പുകളാണ്. നിങ്ങൾക്ക് തത്വചിന്തയെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. നിങ്ങൾക്ക് 'വേണ'മെന്നോ 'വേണ്ടെ'ന്നോ പറയാം. പക്ഷേ ഭഗവാനു മുമ്പാകെ, നിങ്ങൾക്ക് തെരഞ്ഞെടുപ്പില്ല എന്തെന്നാൽ, സത്യം എന്നത് പരമമായ ഉണ്മയാകുന്നു. അത് വഴങ്ങാത്ത(non-negotiable)താകുന്നു. സത്യം എന്നത് അനുഭവമാകുന്നു, അതേസമയം തത്വചിന്തയെന്നത് സിദ്ധാന്തീകരണ(speculation)വും.

**സത്യം എന്നത് സമത്വം ആകുന്നു**
**TRUTH IS UNITY**

നമുക്കു പലർക്കും നമ്മുടെ വഴി തെറ്റിയിരിക്കുന്നു, എന്തെന്നാൽ തത്വചിന്തയെന്നത് മതം തന്നെയാണെന്ന് നാം വിശ്വസിക്കുന്നു. നമുക്ക് അനുഭവങ്ങളൊന്നുമില്ലാത്തതിനാൽ, തത്വചിന്ത എന്നാൽ ആദ്ധ്യാത്മികത(spirituality)യാണ് എന്ന് നാം കരുതുന്നു. തത്വചിന്ത യെന്നാൽ മതമാണ് എന്ന് നാം കരുതുന്നു. അല്ല! മതം എന്നത് സത്യം ആകുന്നു. ആദ്ധ്യാത്മികതയെന്നാൽ സത്യം(Truth) ആകുന്നു. തത്വചിന്തയെന്നാൽ ഭിന്നമാനങ്ങളുള്ളതും നിറയെ വൈവിധ്യങ്ങളുള്ളതുമാകുന്നു, എന്നാൽ സത്യം എന്നത് ഏകത്വവും.




സത്യം പല തരത്തിലില്ല. 'വിശ്വം'(Universe) എന്നും ഏകം(unit) എന്നും നാം പറയുന്നു. സത്യം എന്നത് ഏകത്വം(unity) ആകുന്നു. 'ബഹുപ്രപഞ്ചം'(multiverse) എന്ന് നാം പറയാറില്ല. 'മൾട്ടി-വേഴ്സിറ്റി'(multiversity) എന്ന് നാം പറയാറില്ല. ഇല്ല, 'യൂണി-വേഴ്സിറ്റി'എന്നാണ് നാം പറയുക. ഈ 'പ്രപഞ്ചം'(Universe) അഥവാ യൂണിറ്റി ആണ് സത്യം, എന്നാൽ വൈവിധ്യമെന്നത് തത്വചിന്തയാകുന്നു. തത്വചിന്ത എന്നത് നിശ്ചിത അറിവാണ്, എന്നാൽ സത്യം എന്നത് അറിയുന്ന പ്രക്രിയ അഥവാ അവബോധം(the process of knowing or awareness) ആകുന്നു.

ചിലനേരം നാം ചിന്തിച്ചേക്കാം, "ഞാൻ വീട്ടിൽ തങ്ങിയിരുന്നു എങ്കിൽ, ഞാൻ എന്റെ രക്ഷിതാക്കളുടെ അതേ ജീവിതം തുടർന്നിരുന്നുവെങ്കിൽ, കുറേക്കൂടി എനിക്ക് നല്ലതായേനേ. ഇവിടെ വന്നിട്ട് എനിക്ക് എന്താണ് കിട്ടിയത്, സേവാദളിന്റെ വക തള്ളു കിട്ടിയതല്ലാതെ, നിർദ്ദയരായ കൊതുകുകളുടെ കടി കിട്ടിയതല്ലാതെ? ഇവിടെ നിന്നും ഞാനെന്തു നേടി, ഞാൻ ഇരിക്കുന്ന സ്ലാബ് മാറിയേക്കില്ലെന്നു ധരിച്ച്,(പക്ഷേ എന്റെ ജീവിതം മാറിയില്ല) ഒന്നാം വരിക്കായി വഴക്കിട്ടതല്ലാതെ! നാം ഒരേ സ്ഥലത്തുതന്നെ ഇരുന്നേക്കാം. ആ സ്ഥലം പോലും ഒരു പക്ഷേ മാറിയേക്കാം, പക്ഷേ നാം ഒരിക്കലും മാറില്ല!



സ്വയം മൂല്യനിർണ്ണയന(self-evaluation)ത്തിന്റെയും സ്വയം വിലയിരുത്തലി(self-assessment)ന്റെയും ഒരു ഘട്ടം വരും. നമ്മെത്തന്നെ പരിശോധിക്കാൻ തുടങ്ങുന്ന ആ വേളയിൽ, നാം നിരാശരോ വിഷണ്ണരോ ആവരുത്. നാം സത്യം നേടിയിരിക്കുന്നു. നമുക്ക് തത്വചിന്തയെ വേണ്ടെന്നു വയ്ക്കാം. നമുക്ക് സത്യപുരുഷന്മാരാവാം, തത്വചിന്തകരല്ല.

പ്രഫസർ അനിൽകുമാർ കൂടുതൽ ആദ്ധ്യാത്മികരത്നങ്ങളുമായി അടുത്ത ലക്കത്തിൽ നമ്മെ ധന്യരാക്കുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിറാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു** – (***Sai-Vedam*** പേജ് 90–96)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)